പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6820

10/07/2014-ൽ
മറുപടിയ്ക്കു

**ഗുരുവായൂർ ദേവസ്വം ബോർഡിലുണ്ടായ പ്രശ്നങ്ങൾ**

ചോദ്യം

ഉത്തരം

**ശ്രീ. കെ. രാധാകൃഷ്ണൻ**
പ്രൊഫ. സി. രവീന്ദ്രനാഥ്
**ശ്രീമതി പി. അയിഷാ പോറ്റി**
**ശ്രീ. കെ.വി. അബ്ദുൾ ഖാദർ**

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ഗുരുവായൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടിയെടുത്തിരുന്നോ;

ബി) ദേവസ്വം ബോർഡംഗവും സെക്രട്ടറിയും തമ്മിൽ നടന്ന കയ്യാങ്കളിയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ എന്താണ്; വിശദമാക്കുമോ;

എ) & ബി) ദേവസ്വം ബോർഡംഗവും സെക്രട്ടറിയും തമ്മിൽ കയ്യാങ്കളി നടന്നിട്ടില്ല. എന്നാൽ ഗുരുവായൂർ ക്ഷേത്രത്തിൽ ദേവസ്വം മാനേജിംഗ് കമ്മിറ്റി അംഗവും ക്ഷേത്രം അസിസ്റ്റൻറ് മാനേജരും തമ്മിൽ പ്രശ്നങ്ങൾ നടന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ ദേവസ്വം വകുപ്പ് സെക്രട്ടറിയെ അന്വേഷണത്തിനായി ചുമതലപ്പെടുത്തുകയും ഈ അന്വേഷണ റിപ്പോർട്ടിൽ ദേവസ്വത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള 8-ാം ഉത്സവ ബലി സമയത്ത് വി.ഐ.പി. കളെ ക്ഷേത്രത്തിനുള്ളിലേക്ക് കടത്തിവിടുന്നതുമായി ബന്ധപ്പെട്ട് ക്ഷേത്രം അസിസ്റ്റൻറ് മാനേജരും ദേവസ്വം മാനേജിംഗ് കമ്മിറ്റി അംഗവും തമ്മിൽ ചില അസ്വാരസ്യങ്ങൾ ഉണ്ടായതായി കണ്ടെത്തി. ഈ കണ്ടെത്തലിൻെറ അടിസ്ഥാനത്തിൽ ദേവസ്വം അസിസ്റ്റൻെറ മാനേജർക്കെതിരായി ശിക്ഷണ നടപടികൾ സ്വീകരിക്കാനും, ജോലിയിൽ വീഴ്ച വരുത്തിയ ചീഫ് സെക്യൂരിറ്റി ഓഫീസറെ നീക്കം ചെയ്യുന്നതിനും അഡ്മിനിസ്ട്രേറ്റർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ ദേവസ്വം ബോർഡ് അംഗത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, ദേവസ്വം ചെയർമാനിൽ നിന്നും വിശദീകരണം തേടുകയും ചെയ്തിരുന്നു. കൂടാതെ ഗുരുവായൂർ ദേവസ്വത്തിലെ ഭരണപരമായ പരിഷ്കാരങ്ങളെ സംബന്ധിച്ചും ഗുരുവായൂർ ദേവസ്വത്തിൻെറ ആക്ടിലെ ഭേദഗതിയെ സംബന്ധിച്ചും ഒരു സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ കമ്മീഷനായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ഭക്തരെ മർദ്ദിച്ച സംഭവുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിർദ്ദേശം എന്തായിരുന്നു. | സി) & ഡി) | ഭക്തരെ മർദ്ദിച്ച സംഭവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. കൂടാതെ ഭക്തനെ മർദ്ദിച്ച സംഭവുമായി ബന്ധപ്പെട്ട കമ്മീഷനെ നിയമിച്ചിട്ടില്ല. എന്നാൽ ദേവസ്വത്തിൽ അടുത്ത കാലത്തുണ്ടായ ചില സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ദേവസ്വത്തിലെ ഭരണപരമായ പരിഷ്കാരങ്ങളെ സംബന്ധിച്ചും ഗുരുവായൂർ ദേവസ്വത്തിൻെറ ആക്ടിലെ ഭേദഗതിയെ സംബന്ധിച്ചും ഒരു സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായരെ കമ്മീഷനായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻെറ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ഡി) | അതിൻെറ അടിസ്ഥാനത്തിൽ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിരുന്നോ; കമ്മീഷൻെറ കണ്ടെത്തൽ എന്തായിരുന്നു; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ